# AUAB നേതാക്കൾ ബഹുമാനപ്പെട്ട കമ്മ്യൂണിക്കേഷൻ മന്ത്രി ശ്രീ മനോജ് സിൻഹ അവർകൾക്ക് നൽകിയ മെമ്മോറാണ്ടം

ഞങ്ങൾ താഴെ പറയുന്ന വിഷയങ്ങൾ താങ്കളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട കമ്മ്യൂണിക്കേഷൻ വകുപ്പു മന്ത്രി അവർകൾ കഴിഞ്ഞ 24-02-2018ന് AUAB നേതാക്കളുമായി നടത്തിയ ചർച്ചയിൽ താഴെ പറയുന്ന ഉറപ്പുകൾ നൽകിയിരുന്നു.

1) BSNL ജീവനക്കാർക്ക് 01-01-2017 മുതൽ മൂന്നാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കൽ:-

BSNL ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിലേക്ക് ക്യാബനറ്റിന്റെ അംഗീകാരത്തിനായി ഒരു നോട്ട് തയ്യാറാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട കമ്മ്യൂണിക്കേഷൻ വകുപ്പു മന്ത്രി 24-02-2018ന് AUAB നേതാക്കളുമായി നടത്തിയ ചർച്ചയിൽ ഉറപ്പു നൽകിയതാണ്. എന്നാൽ നോട്ട് തയ്യാറാക്കേണ്ട DOT 5 മാസങ്ങൾക്കു ശേഷവും ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2) BSNLൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണം:-

DOTയിൽ നിന്നും അബ്സോർബ് ചെയ്യപ്പെട്ട BSNL ജീവനക്കാർക്ക് 01-01-2017 മുതൽ പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കേണ്ടതാണ്. BSNLൽ നിന്നും വിരമിച്ച ജീവനക്കാരും കേന്ദ്ര സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരും ഒരേ നിയമത്തിന്റെ പരിധിയിൽ വരുന്നവരാണ് അതായത് CCS Pension Rules 1972. കേന്ദ്ര സർവ്വീസിൽ നിന്നും കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിലേക്ക് IDA സ്കെയിലിൽ അബ്സോർബ് ചെയ്യപ്പെട്ട ജീവനക്കാർക്ക് രണ്ട് സർവ്വീസും കണക്കിലെടുത്ത് കേന്ദ്ര കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിലേക്കായി പിന്നീട് പെൻഷൻ നിയമത്തിൽ റൂൾ 37 എ യും കൂട്ടിച്ചേർക്കപ്പെട്ടു. കേന്ദ്ര സർക്കാർ പെൻഷണർമാരുടെ പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കി കഴിഞ്ഞുവെങ്കിലും BSNLൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണം ഇനിയും നടന്നിട്ടില്ല. ഇത് നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തമുള്ള DOTയാകട്ടെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

3) അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കൽ:-

DOT പെൻഷൻ കോൺ ട്രിബ്യൂഷൻ ഇനത്തിൽ BSNLൽ നിന്നും അധികമായി തുക ഈടാക്കുന്ന വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ നേരത്തെ കൊണ്ടുവന്നതാണ്. കേന്ദ്ര സർക്കാർ ജീവനക്കാരുടെയും കേന്ദ്ര സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ BSNLൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും പെൻഷൻ കോൺ ട്രിബ്യൂഷൻ DOT ഈടാക്കുന്നത് FR 116 അനുസരിച്ച് അവർ വാങ്ങുന്ന യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് എന്നാൽ BSNLൽ നിന്നും ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ പരമാവധി തുകയെ അടിസ്ഥാനമാക്കിയാണ് പെൻഷൻ കോൺ ട്രിബ്യൂഷനായി 01-01-2007 മുതൽ DOT ഈടാക്കുന്നത്. 24-02-2018ലെ യോഗത്തിൽ ബഹുമാനപ്പെട്ട കമ്മ്യൂണിക്കേഷൻ വകുപ്പു മന്ത്രി നിയമാനുസൃതമായ പെൻഷൻ കോൺ ട്രിബ്യൂഷൻ മാത്രം ഈടാക്കിയാൽ മതിയെന്ന് DOT സെക്രട്ടറിക്ക് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെയായി അത് നടപ്പിലാക്കിയിട്ടില്ല.

4) BSNLന് 4G സ്പെക്ട്രം അനുവദിക്കൽ:-

24-02-2018ലെ യോഗത്തിൽ ബഹുമാനപ്പെട്ട കമ്മ്യൂണിക്കേഷൻ വകുപ്പു മന്ത്രി BSNL കേന്ദ്ര സർക്കാരിന് നൽകിയ അഭ്യർത്ഥനയനുസരിച്ച് 4G സ്പെക്ട്രം അനുവദിക്കുന്നതാണെന്ന് ഉറപ്പു നൽകിയിരുന്നതാണ്. എന്നാൽ 5 മാസം കഴിഞ്ഞിട്ടും മന്ത്രി നൽകിയ ഉറപ്പു പാലിക്കാൻ DOT ഇതുവരെ തയ്യാറായിട്ടില്ല. 4G സ്പെക്ട്രം അനുവദിക്കുന്നതിലെ കാലതാമസം BSNLന്റെ പുനരുദ്ധാരണത്തെ പ്രതികൂലമായി ബാധിക്കുകയാണ്.

24-02-2018ന് നടന്ന കൂടിക്കാഴ്ച്ചയിൽ മന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി നിർദ്ദിഷ്ട ഇടവേളകളിൽ AUAB നേതാക്കളുമായി യോഗം വിളിച്ചുചേർക്കുന്നതാണെന്നും തീരുമാനിച്ചിരുന്നെങ്കിലും ഇതുവരെയായി അത്തരം ഒരു യോഗം പോലും നടന്നില്ല. DOT സെക്രട്ടറിയെ കണ്ട് ഈ ഉറപ്പുകൾ നടപ്പാക്കുന്നതിനായി AUAB നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല.

ഈ പശ്ചാത്തലത്തിൽ താങ്കൾ 24-02-2018ന് നൽകിയ ഉറപ്പുകൾ പാലിക്കണമെന്ന് വിനയപുരസ്സരം അഭ്യർക്കുന്നു.

**Yours faithfully**

| | | | |
|---|---|---|---|
| പി.അഭിമന്യു | കെ.എസ്.ശേഷാദ്രി | കെ.സെബാസ്റ്റ്യൻ | പ്രഹ് ളാദ് റായ് |
| **GS BSNLEU** | **Dy.GS, NFTE-BSNL** | **GS SNEA(I)** | **GS AIBSNLEA** |

സത്യ ദേവ് ശർമ്മ സുരേഷ് കുമാർ ഹർപാൽ
സിംഗ് ജെ.വിജയകുമാർ പി.എസ്.വർമ്മ

**GS BSNLATM** **GS BSNLMS** **GS BSNLOA** **Dy GS TEPU** **GS AIGETOA**